"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി നിലവിലെ കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ(എംഐ) വകുപ്പ്**

സ.ഉ.(കൈ) നം.43/2025/WRD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. G.O.(Rt) No.1156/2014/WRD Dated 06.12.2014.
2. G.O.(Rt) No.31/2023/P&EA Dated 27.01.2023.
3. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 04.07.2024-ലെ സിഇഐഎ/5002/2023-ഡിബി1(ഡബ്ല്യു2) നമ്പർ കത്ത്.
4. ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
5. ആസൂത്രണവും സാമ്പത്തികകാര്യവും(ആർ.കെ.ഐ) വകുപ്പിന്റെ 24.01.2025-ലെ RKI1/6/2022-PLGEA-Part(1) നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ നബാർഡ് ഫണ്ട് ഉപയോഗിച്ച് റെഗുലേറ്റർ നിർമ്മിക്കുന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും 30.01.2016-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. സിവിൽ പ്രവൃത്തികൾ M/s.Mary Matha Infrastructure Pvt. Ltd. -മായി ഉടമ്പടി വയ്ക്കുകയും ഈ പ്രവൃത്തിയുടെ ഏകദേശം 51% സിവിൽ പ്രവൃത്തി ടിയാൻ പൂർത്തീകരിക്കുകയും ഇതിനായി ₹17,91,89,649/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ 2018-19-ലെ മഹാപ്രളയത്തോടനുബന്ധിച്ച് സൈറ്റിൽ ഉണ്ടായ വ്യതിയാനങ്ങൾ മൂലം പ്രവൃത്തി തുടരുവാൻ സാധിക്കാതെ വരികയും ബാലൻസ് പ്രവൃത്തികൾക്ക് റേറ്റ് റിവിഷനും ജി.എസ്.ടി. പ്രൊവിഷനും ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് സ്ഥലം എം.എൽ.എ-യും സ്പീക്കറും പങ്കെടുത്ത യോഗത്തിൽ ടി കരാറുകാരൻ ചെയ്ത പ്രവൃത്തികൾ തിട്ടപ്പെടുത്തി പ്രവൃത്തി ക്ലോസ് ചെയ്യുവാനും അതിനോടൊപ്പം ബാക്കി നടത്തുവാനുള്ള പ്രവൃത്തിക്കാവശ്യമായ പുതിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാനും ഇതിന് ആർ.കെ.ഐ ഫണ്ട് കണ്ടെത്തുവാനും തീരുമാനമായി. ഇതേ തുടർന്ന് ബാലൻസ് പ്രവൃത്തികൾ ഉൾപ്പെടുത്തി സമർപ്പിച്ച എസ്റ്റിമേറ്റിന് പരാമർശം (2) പ്രകാരം ആസൂത്രണവും സാമ്പത്തികകാര്യവും(ആർ.കെ.ഐ) വകുപ്പ് 35 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 04.07.2023 ന് സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സിവിൽ പ്രവൃത്തികൾക്ക് PG Construction-നുമായി ഉടമ്പടിയിൽ

ഏർ പ്പെട്ടിട്ടുള്ളതും 14.10.2023-ന് പ്രവൃത്തി സ്ഥലം ടിയാന് കൈമാറ്റം ചെയ്തിട്ടുള്ളതും ബാലൻസ് സിവിൽ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണെന്നും പരാമർശം3-ലെ കത്ത് പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

2.ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവിൽ റെഗുലേറ്റർ നിർമ്മിക്കുന്ന പ്രവൃത്തിക്ക് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയിൽ മെക്കാനിക്കൽ പ്രവൃത്തി DSR 2014 പ്രകാരമുള്ള എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.ടി പ്രവൃത്തിയുടെ കരാറുകാരനായ M/s Precision Infratech Pvt. Ltd. പ്രസ്തുത കരാറിലെ fabrication ഉൾപ്പെടെയുള്ള 93% ത്തോളം പ്രവൃത്തികളും ചെയ്യുകയും ഏകദേശം 80% ത്തോളം തുക കൈപ്പറ്റുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തി foreclose ചെയ്യുന്നതിന് സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടെന്നും അതായത് 80% തുകയും കൈപ്പറ്റി ഷട്ടറുകൾ ഉൾപ്പടെയുള്ള എല്ലാ പാർട്ടുകളും ഫാബ്രിക്കേറ്റ് ചെയ്ത അതേ കോൺട്രാക്ടർക്ക് മാത്രമേ, 3 വർഷം Defect Liability Period എന്ന വ്യവസ്ഥ പ്രകാരം Erection കഴിഞ്ഞും പ്രസ്തുത പാർട്ടുകളിൽ തകരാറുകൾ ഉണ്ടായാൽ പരിഹരിക്കുവാൻ കഴിയുകയുള്ളൂവെന്നും പരാമർശം(3) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. കരാറുകാരൻ fabrication നടത്തിയ പാർട്ടുകളുടെ Defect Liability Period മറ്റൊരു കരാറുകാരന് നൽകുവാനോ, ഏറ്റെടുക്കുവാനോ പൊതുവെ സാധ്യത ഇല്ലാത്തതിനാൽ original/existing കോൺട്രാക്ടർ തന്നെ മെക്കാനിക്കൽ പ്രവൃത്തികളുടെ ബാക്കിയുള്ള കേവലം 7% അതായത് erection, trial run എന്നിവ ചെയ്യുന്നത് തന്നെയാണ് ഉചിതമെന്ന മെക്കാനിക്കൽ വിഭാഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 7% മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018 പ്രകാരം മെക്കാനിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പരാമർശം(2) പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് പ്രവൃത്തി പുനഃരാരംഭിക്കുവാൻ മെക്കാനിക്കൽ വിഭാഗം കരാറുകാരനോട് ആവശ്യപ്പെട്ടിട്ടും കരാറുകാരൻ സഹകരിക്കുവാൻ കൂട്ടാക്കിയില്ല.

3.ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തിയ ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടത് അനിവാര്യമാണ്. മാത്രവുമല്ല NABARD Fund- ൽ ഉൾപ്പെടുത്തി 17,91,89,649/- രൂപയും ആർ.കെ.ഐ. ഫണ്ടിൽ ഉൾപ്പെടുത്തി 6,30,22,000/-രൂപയും കൂട്ടക്കടവ് റെഗുലേറ്ററിന്റെ സിവിൽ പ്രവൃത്തികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ 10,00,01,500/- രൂപയുടെ മെക്കാനിക്കൽ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടക്കടവ് റെഗുലേറ്ററിനായി ഇത്രയും കോടി രൂപ ചെലവഴിച്ചിട്ടും 3.25 കോടി രൂപ മാത്രം വേണ്ട മെക്കാനിക്കൽ ബാലൻസ് പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കിയില്ലെങ്കിൽ ഇതുവരെ ചെയ്ത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക നഷ്ടമാകുകയും സർക്കാരിന് വൻ നഷ്ടം സംഭവിക്കാൻ ഇടയാവുകയും ചെയ്യാവുന്നതാണ്. ടി സാഹചര്യങ്ങൾ പരിഗണിച്ചും ബാലൻസ് പ്രവൃത്തികൾക്ക് DSR 2018 പ്രകാരം പുതുക്കിയ ഭരണാനുമതി അനുവദിച്ചതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള മെക്കാനിക്കൽ കരാറുകാരന് (DSR 2018 + 25% + നിലവിലെ GST) പ്രകാരമുള്ള കരാർ നൽകുന്നതിനു കരാറുകാരൻ സമർപ്പിച്ച അപേക്ഷയിന്മേലുള്ള ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു.

4.കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനായി പരാമർശം (4) പ്രകാരം യോഗം ചേർന്നിരുന്നു. മെക്കാനിക്കൽ പ്രവൃത്തി 93% പൂർത്തീകരിക്കുകയും 82% തുക കൈപ്പറ്റുകയും

ചെയ്തിട്ടുള്ളതിനാൽ Defect Liability Period (DLP) ബാധകമാണെന്നും മെക്കാനിക്കൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യാൻ സാധിക്കുകയില്ല എന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) വ്യക്തമാക്കി. ബാലൻസ് മെക്കാനിക്കൽ പ്രവൃത്തിയ്ക്ക് DSR 2018 പ്രകാരമുള്ള തുകയും അധികമായി 25% ഉം (DSR 2018+25%) നൽകുകയാണെങ്കിൽ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സന്നദ്ധത കോൺട്രാക്ടർ പ്രകടിപ്പിക്കുകയുണ്ടായി. ബാക്കി പ്രവൃത്തികൾ ജനുവരിയിൽ തുടങ്ങാനാകുമെന്നും സാധന സാമഗ്രികളെല്ലാം സജ്ജമാണെന്നും കോൺട്രാക്ടർ അറിയിച്ചു. ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% തുക നൽകണമെന്ന കോൺട്രാക്ടറുടെ ആവശ്യം യോഗം അംഗീകരിച്ചു. കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികളുടെ DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശം(4) പ്രകാരമുള്ള യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

5.പരാമർശം(4)പ്രകാരമുള്ള യോഗതീരുമാനം ആസൂത്രണവും സാമ്പത്തിക കാര്യവും (RKI) വകുപ്പിനെ അറിയിച്ചപ്പോൾ പരാമർശം(5) പ്രകാരം ടി വകുപ്പ് താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

*Water Resources (MI) Department is informed that the remarks regarding 'foreclosing of the present contract and re-tendering the balance works' issued in file no. MI2/138/2024-WRD on 06/12/2024, was in consultation with the Finance Department. The issue of reconsidering the decision is under consultation with the FD. Hence the earlier remarks hold valid until informed otherwise. It is further informed that any deviation from the above direction/standing orders of the Finance Department may be considered by the WRD only in due consultation with the Finance Department and with the approval of the Council of Ministers.*

6.കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ മെക്കാനിക്കൽ വർക്കുകൾ ഏകദേശം 90 ശതമാനത്തിന് മേൽ പൂർത്തിയായികഴിഞ്ഞു. മെക്കാനിക്കൽ വർക്കെടുത്ത കോൺട്രാക്ടർ തന്റെ ജോലികൾ കൃത്യമായി ചെയ്തു വരികയായിരുന്നു. എന്നാൽ സിവിൽ വർക്കുകളിൽ കാലതാമസം നേരിട്ടതു കാരണമാണ് മെക്കാനിക്കൽ വർക്ക് യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തത്. ഇതിന് മെക്കാനിക്കൽ കോൺട്രാക്ടർ ഉത്തരവാദിയേ അല്ല. കൂടാതെ ടിയാൻ ഫാബ്രിക്കേറ്റ് ചെയ്ത ഷട്ടറുകളും മറ്റ് ഭാഗങ്ങളും ഉയർത്തി ഘടിപ്പിക്കുന്ന ജോലി മാത്രമാണ് ഉള്ളത്. ഇത് ഒരു കാരണവശാലും മറ്റൊരു കോൺട്രാക്ടർ ഏറ്റെടുക്കുകയില്ല. കാരണം ഇതിന്റെ ഡിഫക്ട് ലയബിലിറ്റി പീരീഡ് മറ്റൊരു കോൺട്രാക്ടർക്കും സ്വീകാര്യമാവുകയില്ല. 2018-20 കാലഘട്ടത്തിൽ തീർക്കേണ്ടിയിരുന്ന ജോലി അതേ ചെലവിൽ ഇപ്പോൾ ചെയ്യണം എന്നാവശ്യപ്പെടുന്നത് ഒരിക്കലും പ്രായോഗികമല്ല. അതിനാലാണ് ഡി.എസ്.ആർ 2018 പ്ലസ് 25 ശതമാനം(DSR2018+25%) എന്ന തുകയ്ക്ക് ബാലൻസ് വർക്ക് ചെയ്യാൻ കോൺട്രാക്ടർ സമ്മതിച്ചത്. ഏകദേശം 46 ലക്ഷം രൂപയുടെ അധികചെലവ് ആണ് വരുന്നത്. ഈ റെഗുലേറ്റർ അടിയന്തരമായി പ്രവർത്തനക്ഷമമാക്കി ജനങ്ങൾക്ക് സേവനം നൽകേണ്ടതുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി

നിലവിലുള്ള കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം

ധനകാര്യ അഗ്രി (എ) വകുപ്പ്

ആസൂത്രണവും സാമ്പത്തിക കാര്യവും (RKI) വകുപ്പ്

പൊതുഭരണ (എസ് സി) വകുപ്പ്(05.06.2025തീയതിയിലെ ഇനം നം.3016പ്രകാരം)

പൊതുജന സമ്പർക്ക(വെബ്&ന്യൂമീഡിയ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sandhya S Nair
Date: 06-06-2025 15:55:29
സെക്ഷൻ ഓഫീസർ

പകർപ്പ്:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-06-2025**

ഫയൽ നം. എം.ഐ.2/138/2024/ജവിവ.  ഇനം നം: 3016

വിഷയം : ജലവിഭവ വകുപ്പ് - പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും നിലവിലെ കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിനും അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
05 JUN 2025

27

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എം.ഐ 2/138/2024/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (എം.ഐ) വകുപ്പ് |
| 3. | വിഷയം | : | പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കുട്ടക്കടവ് റെഗുലേറ്റർ നിർമ്മാണപ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും നിലവിലെ കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/05/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ കെ.കെ. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ബി. അശോക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.06.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.06.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.06.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവ് റഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും നിലവിലെ കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ചതാണീ കുറിപ്പ്.

2. ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ നബാർഡ് ഫണ്ട് ഉപയോഗിച്ച് റെഗുലേറ്റർ നിർമ്മിക്കുന്ന പ്രവൃത്തിക്ക് GO(Rt) No.1156/2014/WRD dated 06.12.2014 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും 30.01.2016-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. സിവിൽ പ്രവൃത്തികൾ M/s.Mary Matha Infrastructure Pvt. Ltd. -മായി ഉടമ്പടി വയ്ക്കുകയും ഈ പ്രവൃത്തിയുടെ ഏകദേശം 51% സിവിൽ പ്രവൃത്തി ടിയാൻ പൂർത്തീകരിക്കുകയും ഇതിനായി ₹17,91,89,649/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ 2018-19 ലെ മഹാപ്രളയത്തോടനുബന്ധിച്ച് സൈറ്റിൽ ഉണ്ടായ വ്യതിയാനങ്ങൾ മൂലം പ്രവൃത്തി തുടരുവാൻ സാധിക്കാതെ വരികയും ബാലൻസ് പ്രവൃത്തികൾക്ക് റേറ്റ് റിവിഷനും ജി.എസ്.ടി. പ്രൊവിഷനും ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് സ്ഥലം എം.എൽ.എ-യും സ്പീക്കറും പങ്കെടുത്ത യോഗത്തിൽ ടി കരാറുകാരൻ ചെയ്ത പ്രവൃത്തികൾ തിട്ടപ്പെടുത്തി പ്രവൃത്തി ക്ലോസ് ചെയ്യുവാനും അതിനോടൊപ്പം ബാക്കി നടത്തുവാനുള്ള പ്രവൃത്തിക്കാവശ്യമായ പുതിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാനും ഇതിന് ആർ.കെ.ഐ ഫണ്ട് കണ്ടെത്തുവാനും തീരുമാനമായി. ഇതേ തുടർന്ന് ബാലൻസ് പ്രവൃത്തികൾ ഉൾപ്പെടുത്തി സമർപ്പിച്ച എസ്റ്റിമേറ്റിന് G.O(Rt)No.31/2023/P&EA Dated, 27-01-2023 പ്രകാരം ആർ.കെ.ഐ. 35 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചീഫ് എഞ്ചിനീയർ 04.07.2023 ന് സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സിവിൽ പ്രവൃത്തികൾക്ക് PG Construction-നുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതും 14.10.2023 ന് പ്രവൃത്തി സ്ഥലം ടിയാന് കൈമാറ്റം ചെയ്തിട്ടുള്ളതും ബാലൻസ് സിവിൽ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

3. GO(Rt) No.1156/2014/WRD dated 06.12.2014 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയിൽ മെക്കാനിക്കൽ പ്രവൃത്തി DSR 2014 പ്രകാരമുള്ള എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ടി പ്രവൃത്തിയുടെ കരാറുകാരനായ M/s Precision Infratech Pvt Ltd പ്രസ്തുത കരാറിലെ fabrication ഉൾപ്പെടെയുള്ള 93% ത്തോളം പ്രവൃത്തികളും ചെയ്യുകയും ഏകദേശം 80% ത്തോളം തുക കൈപ്പറ്റുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തി foreclose ചെയ്യുന്നതിന് സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടെന്നും

അതായത് 80% തുകയും കൈപ്പറ്റി ഷട്ടറുകൾ ഉൾപ്പടെയുള്ള എല്ലാ പാർട്ടുകളും ഫാബ്രിക്കേറ്റ് ചെയ്ത അതേ കോൺട്രാക്ടർക്ക് മാത്രമേ, 3 വർഷം Defect Liability Period എന്ന വ്യവസ്ഥ പ്രകാരം Erection കഴിഞ്ഞും പ്രസ്തുത പാർട്ടുകളിൽ തകരാറുകൾ ഉണ്ടായാൽ പരിഹരിക്കുവാൻ കഴിയുകയുള്ളുവെന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. കരാറുകാരൻ fabrication നടത്തിയ പാർട്ടുകളുടെ Defect Liability Period മറ്റൊരു കരാറുകാരന് നൽകുവാനോ, ഏറ്റെടുക്കുവാനോ പൊതുവെ സാധ്യത ഇല്ലാത്തതിനാൽ original/existing കോൺട്രാക്ടർ തന്നെ മെക്കാനിക്കൽ പ്രവൃത്തികളുടെ ബാക്കിയുള്ള കേവലം 7% അതായത് erection, trial run എന്നിവ ചെയ്യുന്നത് തന്നെയാണ് ഉചിതമെന്ന മെക്കാനിക്കൽ വിഭാഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 7% മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018 പ്രകാരം മെക്കാനിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും G.O. (Rt)No.31/2023/P&EA Dated, 27-01-2023 പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് പ്രവൃത്തി പുനഃരാരംഭിക്കുവാൻ മെക്കാനിക്കൽ വിഭാഗം കരാറുകാരനോട് ആവശ്യപ്പെട്ടിട്ടും കരാറുകാരൻ സഹകരിക്കുവാൻ കൂട്ടാക്കിയില്ല.

4. ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തിയ ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടത് അനിവാര്യമാണ്. മാത്രവുമല്ല NABARD Fund- ൽ ഉൾപ്പെടുത്തി 17,91,89,649/- രൂപയും ആർ.കെ.ഐ. ഫണ്ടിൽ ഉൾപ്പെടുത്തി 6,30,22,000/-രൂപയും കൂട്ടക്കടവ് റെഗുലേറ്ററിന്റെ സിവിൽ പ്രവൃത്തികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ 10,00,01,500/- രൂപയുടെ മെക്കാനിക്കൽ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടക്കടവ് റെഗുലേറ്ററിനായി ഇത്രയും കോടി രൂപ ചെലവഴിച്ചിട്ടും 3.25 കോടി രൂപ മാത്രം വേണ്ട മെക്കാനിക്കൽ ബാലൻസ് പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കിയില്ലെങ്കിൽ ഇതുവരെ ചെയ്ത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക നഷ്ടമാകുകയും സർക്കാരിന് വൻ നഷ്ടം സംഭവിക്കാൻ ഇടയാവുകയും ചെയ്യാവുന്നതാണ്. ടി സാഹചര്യങ്ങൾ പരിഗണിച്ചും ബാലൻസ് പ്രവൃത്തികൾക്ക് DSR 2018 പ്രകാരം പുതുക്കിയ ഭരണാനുമതി അനുവദിച്ചതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള മെക്കാനിക്കൽ കരാറുകാരന് (DSR 2018 + 25% + നിലവിലെ GST) പ്രകാരമുള്ള കരാർ നൽകുന്നതിനു കരാറുകാരൻ സമർപ്പിച്ച അപേക്ഷയിന്മേലുള്ള ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും ആവശ്യപ്പെട്ടിരിക്കുന്നു.

5. പ്രസ്തുത വിഷയത്തിൽ ആസൂത്രണവും സാമ്പത്തിക കാര്യവും (RKI) വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*The Water Resources Department is requested to advise the Chief Engineer, Irrigation to foreclose the contract and re-tender the balance work, taking adequate care to factor in the DLP aspects in the re-tender.*

6. കുട്ടക്കടവ് റഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനായി ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 04/12/2024-ന് യോഗം ചേർന്നിരുന്നു. മെക്കാനിക്കൽ പ്രവൃത്തി 93% പൂർത്തീകരിക്കുകയും 82% തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ളതിനാൽ Defect Liability Period (DLP) ബാധകമാണെന്നും മെക്കാനിക്കൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യാൻ സാധിക്കുകയില്ല എന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) വ്യക്തമാക്കി. ബാലൻസ് മെക്കാനിക്കൽ പ്രവൃത്തിയ്ക്ക് DSR 2018 പ്രകാരമുള്ള തുകയും അധികമായി 25% ഉം (DSR 2018+25%) നൽകുകയാണെങ്കിൽ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സന്നദ്ധത കോൺട്രാക്ടർ പ്രകടിപ്പിക്കുകയുണ്ടായി ബാക്കി പ്രവൃത്തികൾ ജനുവരിയിൽ തുടങ്ങാനാകുമെന്നും സാധന സാമഗ്രികളെല്ലാം സജ്ജമാണെന്നും കോൺട്രാക്ടർ അറിയിച്ചു ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% തുക നൽകണമെന്ന കോൺട്രാക്ടറുടെ ആവശ്യം യോഗം അംഗീകരിച്ചു കുട്ടക്കടവ് റഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികളുടെ DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകാവുന്നതാണെന്ന് യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

7. യോഗ തീരുമാനം ആസൂത്രണവും സാമ്പത്തിക കാര്യവും (RKI) വകുപ്പിനെ അറിയിച്ചപ്പോൾ ടി വകുപ്പ് വീണ്ടും താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി

*Water Resources (MI) Department is informed that the remarks regarding 'foreclosing of the present contract and re-tendering the balance works' issued in file no. MI2/138/2024-WRD on 06/12/2024, was in consultation with the Finance Department. The issue of reconsidering the decision is under consultation with the FD. Hence the earlier remarks hold valid until informed otherwise. It is further informed that any deviation from the above direction/standing orders of the Finance Department may be considered by the WRD only in due consultation with the Finance Department and with the approval of the Council of Ministers.*

8. കുട്ടക്കടവ് റഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ മെക്കാനിക്കൽ വർക്കുകൾ ഏകദേശം 90 ശതമാനത്തിന് മേൽ പൂർത്തിയായികഴിഞ്ഞു. മെക്കാനിക്കൽ വർക്കെടുത്ത കോൺട്രാക്ടർ തന്റെ ജോലികൾ കൃത്യമായി ചെയ്തു വരികയായിരുന്നു. എന്നാൽ സിവിൽ വർക്കുകളിൽ കാലതാമസം നേരിട്ടതു കാരണമാണ് മെക്കാനിക്കൽ വർക്ക് യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തത്. ഇതിന് മെക്കാനിക്കൽ കോൺട്രാക്ടർ ഉത്തരവാദിയേ

അല്ല. കൂടാതെ ടിയാൻ ഫാബ്രിക്കേറ്റ് ചെയ്ത ഷട്ടറുകളും മറ്റ് ഭാഗങ്ങളും ഉയർത്തി ഘടിപ്പിക്കുന്ന ജോലി മാത്രമാണ് ഉള്ളത്. ഇത് ഒരു കാരണവശാലും മറ്റൊരു കോൺട്രാക്ടർ ഏറ്റെടുക്കുകയില്ല. കാരണം ഇതിന്റെ ഡിഫക്ട് ലയബിലിറ്റി പീരീട് മറ്റൊരു കോൺട്രാക്ടർക്കും സ്വീകാര്യമാവുകയില്ല. ആയതിനാൽ ഈ പ്രത്യേക കേസിൽ വകുപ്പിന് മറ്റ് പോംവഴികളൊന്നും കണ്ടെത്താനാവില്ല. കൂടാതെ വകുപ്പിൽ നിന്നുള്ള പ്രത്യേക അഭ്യർത്ഥന മാനിച്ചാണ് മെക്കാനിക്കൽ കോൺട്രാക്ടർ ഈ പ്രവൃത്തി ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത്. 2018-20 കാലഘട്ടത്തിൽ തീർക്കേണ്ടിയിരുന്ന ജോലി അതേ ചെലവിൽ ഇപ്പോൾ ചെയ്യണം എന്നാവശ്യപ്പെടുന്നത് ഒരിക്കലും പ്രായോഗികമല്ല. അതിനാലാണ് ഡി.എസ്.ആർ 2018 പ്ലസ് 25 ശതമാനം എന്ന തുകയ്ക്ക് ബാലൻസ് വർക്ക് ചെയ്യാൻ കോൺട്രാക്ടർ സമ്മതിച്ചത്. ഏകദേശം 46 ലക്ഷം രൂപയുടെ അധികചെലവ് ആണ് വരുന്നത്. ഈ വേനൽക്കാലത്തിനകം ഈ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ വീണ്ടും ഒരു വർഷം നഷ്ടമാകുവാനും കോൺട്രാക്ടർ തന്റെ സമ്മതം പിൻവലിക്കുന്നതിനും സാധ്യതയുണ്ട്. ഇക്കാര്യത്തിൽ മറ്റ് പോംവഴികൾ ഒന്നും തന്നെ ഇല്ലാത്തതിനാലും ഈ റെഗുലേറ്റർ അടിയന്തരമായി പ്രവർത്തനക്ഷമമാക്കി ജനങ്ങൾക്ക് സേവനം നൽകേണ്ടതിനാലും ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു.

9. ധനകാര്യ വകുപ്പ് മന്ത്രി കണ്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി. ബഹു. ധനകാര്യ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"സിവിൽ പ്രവൃത്തി foreclose ചെയ്തത് പോലെ മെക്കാനിക്കൽ പ്രവൃത്തി foreclose ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ട് ഉണ്ട് എന്നും 80% തുകയും കൈപ്പറ്റി ഷട്ടറുകൾ ഉൾപ്പെടെയുള്ള എല്ലാ പാർട്ടുകളും ഫാബ്രിക്കേറ്റ് ചെയ്ത അതേ കോൺട്രാക്ടർക്ക് മാത്രമേ 3 വർഷം Defect Liability Period എന്ന വ്യവസ്ഥ പ്രകാരം Erection കഴിഞ്ഞും പ്രസ്തുത പാർട്ടുകളിൽ തകരാറുകൾ ഉണ്ടായാൽ പരിഹരിക്കുവാൻ കഴിയുകയുള്ളൂ എന്നുമാണ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്."*

*നിലവിലുള്ള മെക്കാനിക്കൽ കരാറുകാരനെ കൊണ്ട് മാത്രമേ മെക്കാനിക്കൽ പ്രവൃത്തിയുടെ ബാക്കിയുള്ള 7% പ്രവൃത്തി ചെയ്യിക്കാൻ കഴിയുകയുള്ളൂ എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, കരാറുകാരന്റെ ഭാഗത്ത് നിന്നും യാതൊരു വിധ കരാർ ലംഘനവും ഉണ്ടായിട്ടില്ല എന്നും പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാതിരുന്നത് കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള വീഴ്ച കാരണമല്ലെന്നും കരാറുകാരൻ ആവശ്യപ്പെട്ടിട്ടുള്ള നിരക്കിലും കുറഞ്ഞ നിരക്കിൽ ബാലൻസ് പ്രവൃത്തി ചെയ്യിക്കാൻ കഴിയില്ല, എന്നും ചീഫ് എൻജിനിയർ ഉറപ്പാക്കുന്ന പക്ഷം, ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും മറ്റ്*

*ഉദ്യോഗസ്ഥരും പങ്കെടുത്ത 04/12/2024-ലെ യോഗത്തിലെ തീരുമാനം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്."*

10. കൂട്ടക്കടവ് റഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവ് റഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ബാലൻസ് മെക്കാനിക്കൽ പ്രവൃത്തികൾക്ക് DSR 2018+25% പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി നിലവിലുള്ള കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണോ?

21

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
### Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | MI2/138/2024/WRD |
| 2. | Department | : | Water Resources (MI) Department |
| 3. | Subject | : | Proposal for revised Administrative Sanction for the Balance Mechanical Works for the work Construction of Koottakkadavu Regulator in Anakkara Panchayat, Palakkad District as per DSR 2018+25% -Reg |
| 4. | Date of Chief Minister's order for placing before the Council | : | 15/05/2025 |
| 5 | i) Does the case involve financial | : | Yes |
| | ii) If the answer to the above is in the affirmative, whether Finance Dept. been consulted and their remarks incorporated in the Council Note. | | Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | Yes<br>Yes |
| 7. | Name of Joint Secretary who submitted the Draft Note. | : | Sri.Rajesh Kumar K.K. |
| 8. | Name of Additional Chief Secretary who approved the Draft Note. | : | Sri. Bishwanath Sinha |
| 9. | Date of approval of the Draft note for the Council by the Additional Chief Secretary. | : | 30.05.2025 |
| 10. | Name of Chief Secretary who approved the Draft Note. | : | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 03-06-2025 |
| 12. | Name of Minister who approved the Draft note. | : | Shri.Roshy Augustine |
| 13. | Date of approval of the Draft Note for the Council by the Minister | : | 04-06-2025 |
| 14. | Date of Submission of Fair Copies | : | 04-06-2025 |
| 15. | Date of decision by the Council of Ministers. | : | |
| 16. | Number and date of theG.O./letter communicating the decision. | : | |

## Note for the Council of Ministers

2018

This note deals with the approval of revised estimate as per DSR 2021+25% for the balance mechanical works of 'Construction of Koottakkadavu Regulator in Anakkara Panchayat in Palakkad District' and giving permission to the existing contractor to carry out the work.

P1 cf 2. Administrative Sanction was accorded for the subject work as per GO(Rt) No.1156/2014/WRD dated 06/12/2014 using NABARD fund. Chief Egnineer, Irrigation & Administration issued Technical Sanction vide proceedings dated 30/01/2016. Civil works have been contracted with M/S Mary Matha Infrastructure Pvt. Ltd. and 51% of the Civil works have been completed with an expenditure of ₹ 17,91,89,649/-. Due to the flood in 2018-19, it was not possible to continue the work. Contractor also demanded rate revision and GST provision for the balance works. In a meeting attended by Hon'ble Speaker and MLA, it was decided to close the work after calculating the work done by the contractor and to furnish revised estimate for the balance works using RKI fund. Chief Engineer, Irrigation & Administration furnished revised estimate to RKI for the balance works. RKI issued Administrative Sanction vide GO(Rt) No. P5-7 cf 31/2023/P&EA dated 27/01/2023 amounting to ₹ 35 Crore. Chief Engineer issued Technical Sanction vide proceedings dated 04/07/2023. Agreement was entered with PG Constructions for the Civil Works and site was handed over to them on 14/10/2023. Balance Civil works are progressing.

3. Administrative Sanction accorded vide GO(Rt)No. 1156/2014/WRD dated 06/12/2014 was based on estimate as per DSR 2014. Contractor of the mechanical work M/S Precision Infratech Pvt. Ltd. completed 93% of works including fabrication and availed 80% of the payment. Chief Engineer, I&A has reported that there is a technical difficulty in foreclosing the mechanical work. That is the same contractor who has fabricated all the parts including the shutters by taking 80% of the amount, can be covered under the condition of 3 years of Defect

Liability Period (DLP) in the case of defects in erection parts. In other words since there is no possiblity to transfer the defect liability period of fabricated parts to another contractor, it is proper to hand over to the same contractor to do the remaining 7% of the mechanical works including erection and trial run. As per the decision of mechanical wing, submitted an estimate for balance 7% mechanical works and RKI department accorded revised Administrative Sanction as per G.O. (Rt)No 31/2023/P&EA dated 27/01/2023. Mechanical wing asked the contractor to resume the work but the contractor did not co-operate.

4. It is imperative that the work included in the RKI be completed in time and made available to the public. Moreover, amount actually expended for the civil P4cf works of Koottakkadavu Regulator was ₹ 17,91,89,649/- included in NABARD fund and ₹ 6,30,22,000/- included in RKI fund. In addition to that Rs. 10,00,01,500/- was already spent for mechanical works. Even though surplus amount has been spent for the Koottakkadavu regulator, if mechanical works of only ₹ 3.25 Crore are not carried out urgently, the amount already spent for the Koottakkadavu Regulator done so far may be lost and the Government may incur huge losses. Considering these facts and revised Administrative Sanction accorded for the balance mechanical works as per DSR 2018, Chief Engineer, I&A has requested Government to take a decision whether the contract may be given to the existing Contractor as per DSR 2018+25% as per his request.

5. In this regard Planning & Economic Affairs (RKI) Department has furnished the remarks as follows:

Note 7 (P5NF) *"Water Resources Department is requested to advise Chief Engineer, Irrigation to foreclose the contract and re-tender the balance work taking adequate care to factor in the DLP aspects in the re-tender."*

6. Hon'ble Minister (Water Resources) convened a meeting in the presence of Hon'ble Minister (LSGD) to discuss the issues regarding the delay in mechanical P11cf works of Koottakkadavu regulator. Chief Engineer, Mechanical explained the difficulties for entrusting the remaining mechanical works to another contractor. It

was decided in the meeting to accord sanction to the revised estimate for the balance mechanical works of Koottakkadavu regulator as per DSR 2018+25%.

7. When Meeting decision was informed to RKI, that Department has again remarked as follows:

P9cf *"Water Resources (MI) Department is informed that the remarks regarding 'foreclosing of the present contract and re-tendering the balance works' issued in file no. MI2/138/2024-WRD on 06/12/2024, was in consultation with the Finance Department. The issue of reconsidering the decision is under consultation with the FD. Hence the earlier remarks hold valid until informed otherwise. It is further informed that any deviation from the above direction/standing orders of the Finance Department may be considered by the WRD only in due consultation with the Finance Department and with the approval of the Council of Ministers."*

Note 33 (P11-12nf) 8. About 90% of mechanical works of Koottakkadavu regulator have been completed. Due to delay in civil works, mechanical works could not be completed on time. The Mechanical Contractor is not responsible for this. Only the work of lifting and fitting the fabricated shutters and other parts are pending. This will not be undertaken by another contractor under any circumstances. Its defect liablity period will not be applicable to another contractor. In this case, Department cannot find any other option and the mechanical contractor has volunteered to do the work on special request from the Department. It is never practical to demand that the work which should have been done in 2018-20 should be done now at the same cost. That is why the contractor agreed to do the work for DSR 2018+25%. In this case there is an additional cost of around ₹46 lakh occurs. If the work is not completed by this summer, there is risk of another year being lost and the contractor withdrawing his consent. There are no other options in this regard.

Note 34 (P12nf) 9. When file was circulated, the Hon'ble Chief Minister ordered to place the matter before the Cabinet after the persual of Hon'ble Minister (Finance). Hon'ble Minister (Finance) has remarked as follows:

"സിവിൽ പ്രവൃത്തി foreclose ചെയ്തത് പോലെ മെക്കാനിക്കൽ പ്രവൃത്തി foreclose ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ട് ഉണ്ട് എന്നും 80% തുകയും കൈപ്പറ്റി ഷട്ടറുകൾ ഉൾപ്പടെയുള്ള എല്ലാ പാർട്ടുകളും ഫാബ്രിക്കേറ്റ് ചെയ്ത അതേ കോൺട്രാക്ടർക്ക് മാത്രമേ, 3 വർഷം Defect Liability Period എന്ന വ്യവസ്ഥ പ്രകാരം Erection കഴിഞ്ഞും പ്രസ്തുത പാർട്ടുകളിൽ തകരാറുകൾ ഉണ്ടായാൽ പരിഹരിക്കുവാൻ കഴിയുകയുള്ളു എന്നുമാണ് ചീഫ് എഞ്ചിനിയർ അറിയിച്ചിട്ടുള്ളത്.

നിലവിലുള്ള മെക്കാനിക്കൽ കരാറുകാരനെ കൊണ്ട് മാത്രമേ മെക്കാനിക്കൽ പ്രവൃത്തിയുടെ ബാക്കിയുള്ള 7% പ്രവൃത്തി ചെയ്യിക്കാൻ കഴിയുകയുള്ളൂ എന്ന് ചീഫ് എൻജിനിയർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, കാരാറുകാരന്റെ ഭാഗത്ത് നിന്നും യാതൊരു വിധ കരാർ ലംഘനവും ഉണ്ടായിട്ടില്ല എന്നും പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാതിരുന്നത് കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള വീഴ്ച കാരണമല്ലെന്നും കരാറുകാരൻ ആവശ്യപ്പെട്ടിട്ടുള്ള നിരക്കിലും കുറഞ്ഞ നിരക്കിൽ ബാലൻസ് പ്രവൃത്തി ചെയ്യിക്കാൻ കഴിയില്ല എന്നും ചീഫ് എൻജിനിയർ ഉറപ്പാക്കുന്ന പക്ഷം, ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്ത 04/12/2024-ലെ യോഗത്തിലെ തീരുമാനം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്."

Note#37 (page 13 NF) 10. Hon'ble Chief Minister ordered to place the matter before the Cabinet.

## Points for Decision

Whether the revised estimate for balance mechanical works of the Koottakkadavu Regulator in Anakkara Panchayat, Palakkad District as per DSR 2018+25% be approved and the existing contractor be given permission to carry out the work?

30/05/2025

30/05/2025

30/05/2025

30/05/2025

04/06/25